# വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(ഹാജർ: അനുപമ റ്റി വി, ഐ.എ.എസ്)**

**ഉത്തരവ് നം E1/1769/2020/WCD** തിരുവനന്തപുരം, തീയതി : 17/03/2020

വിഷയം :- വനിതാ ശിശുവികസന വകുപ്പ് - ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിൽ താൽക്കാലിക ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ വിവിധ കാര്യാലയങ്ങളിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- സ.ഉ.(സാധാ) നം. 151/2020/സാ.നീ.വ, തീയതി 12/03/2020

വനിത ശിശുവികസന വകുപ്പിലെ ICDS സൂപ്പർവൈസർ തസ്തികയിൽ നിന്നും ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിനായി സെലക്ട് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ, 2019 ൽ ഉദ്യോഗക്കയറ്റ നടപടികളുടെ ഭാഗമായി തയ്യാറാക്കിയ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലെ field of Choice ൽ ഉൾപ്പെട്ട ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരായ ശ്രീമതി ലളിത കെ കെ, ശ്രീമതി ജമീല ടി, ശ്രീമതി ജ്യോതി പി, ശ്രീമതി ലത കെ, ശ്രീമതി സുശീലയമ്മ എസ് എന്നിവർക്ക് KS & SSR Part II Rule 31(a) (i) ന് ഇളവ് നൽകിക്കൊണ്ട് 35700 – 75600 രൂപ (റിവൈസ്ഡ്) ശമ്പള സ്കെയിലിലുള്ള ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് താൽക്കാലിക ഉദ്യോഗക്കയറ്റം നൽകി പരാമർശം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് താൽക്കാലിക ഉദ്യോഗക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥരെ ചുവടെ പറയും പ്രകാരം പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര്, തസ്തിക, ജോലി ചെയ്യുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തികയും കാര്യാലയവും | അഭിപ്രായം |
|---|---|---|---|
| 1 | **ശ്രീമതി ലളിത കെ കെ**<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്ട് ഓഫീസ്<br>മതിലകം | ശിശുവികസന പദ്ധതി ഓഫീസർ<br>ICDS പ്രോജക്ട് ഓഫീസ്<br>പനമരം അഡീഷണൽ | താൽക്കാലിക ഉദ്യോഗക്കയറ്റം |
| 2 | **ശ്രീമതി ജമീല ടി**<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്ട് ഓഫീസ്<br>മേലടി | ശിശുവികസന പദ്ധതി ഓഫീസർ<br>ICDS പ്രോജക്ട് ഓഫീസ്<br>കണ്ണൂർ റൂറൽ | താൽക്കാലിക ഉദ്യോഗക്കയറ്റം |
| 3 | **ശ്രീമതി ജ്യോതി പി**<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്ട് ഓഫീസ്<br>കാസർഗോഡ് അഡീഷണൽ | ശിശുവികസന പദ്ധതി ഓഫീസർ<br>ICDS പ്രോജക്ട് ഓഫീസ്<br>കാസർഗോഡ് അഡീഷണൽ | താൽക്കാലിക ഉദ്യോഗക്കയറ്റം |
| 4 | **ശ്രീമതി ലത കെ**<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്ട് ഓഫീസ്<br>ശാസ്താംകോട്ട | ശിശുവികസന പദ്ധതി ഓഫീസർ<br>ICDS പ്രോജക്ട് ഓഫീസ്<br>സുൽത്താൻബത്തേരി അഡീഷണൽ | താൽക്കാലിക ഉദ്യോഗക്കയറ്റം |
| 5 | **ശ്രീമതി സുശീലയമ്മ എസ്**<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്ട് ഓഫീസ്<br>കൊല്ലം അർബൻ-2 | ശിശുവികസന പദ്ധതി ഓഫീസർ<br>ICDS പ്രോജക്ട് ഓഫീസ്<br>മുതുകുളം അഡീഷണൽ | താൽക്കാലിക ഉദ്യോഗക്കയറ്റം |

പ്രസ്തുത നിയമനം ജീവനക്കാരുടെ 2020 ലെ പൊതു സ്ഥലംമാറ്റ ഉത്തരവിന് വിധേയമായിരിക്കും.

ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരെ കാര്യാലയമേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും ജീവനക്കാരുടെ വിടുതൽ/ പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
വനിതാ ശിശുവികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും
3. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
4. എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും
5. E2 മുതൽ E9 വരെ
6. സൂപ്രണ്ട്, ആഡിറ്റ് സെക്ഷൻ
7. സൂപ്രണ്ട്, ഐ.റ്റി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
8. സ്റ്റോക്ക്ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

... 065605

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - ശിശു വികസന പദ്ധതി ആഫീസർ തസ്തികയിൽ താൽക്കാലിക ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാമൂഹ്യ നീതി (എ) വകുപ്പ്**

സ.ഉ (സാധാ) നം.**151/2020/സാ.നീ.വ.** തീയതി, തിരുവനന്തപുരം, **12.03.2020**

പരാമർശം: 1) 03.06.1999 ലെ 5328/Rules-1/99/P&ARD നമ്പർ സർക്കുലർ.

2) വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 15.02.2020 ലെ ഇ 1/1769/2020/WCD നമ്പർ കത്ത്.

**ഉത്തരവ്**

മേലടി ഐ.സി.ഡി.എസ്. പ്രോജക്ടിൽ സൂപ്പർവൈസറായി ജോലി ചെയ്തുവരുന്ന ശ്രീമതി.ജമീല.ടി 30.04.2020 നും കൊല്ലം അർബൻ-2 ഐ.സി.ഡി.എസ്. പ്രോജക്ടിൽ സൂപ്പർവൈസറായി ജോലി ചെയ്തുവരുന്ന ശ്രീമതി.സുശീലയമ്മ.എസ് 31.05.2020 നും സർവ്വീസിൽ നിന്നും വിരമിക്കുകയാണെന്നും ടി ജീവനക്കാർക്ക് ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് ആവശ്യമായ ഒഴിവ് നിലവിലുള്ളതിനാൽ ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും പരാമർശം (2) പ്രകാരം വനിത ശിശു വികസന വകുപ്പ് ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനായി 2019 ൽ തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവർക്കും ഇതിനകം ഉദ്യോഗക്കയറ്റം നൽകുകയും 2020 ലെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് ആവശ്യമായ നടപടി ആരംഭിക്കുകയും ചെയ്തതായും ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം മുഖേന നികത്തേണ്ട 5 ഒഴിവുകൾ നിലവിലുള്ളതിനാലും 2020 ലെ സെലക്ട് ലിസ്റ്റിലേയ്ക്കായി തയ്യാറാക്കിയ ഫീൽഡ് ഓഫ് ചോയ്സിൽ ഉൾപ്പെട്ടുത്തിയിട്ടുള്ള ശ്രീമതി. ലളിത. കെ.കെ (ക്രമ നം.57), ശ്രീമതി. ജമീല. ടി (ക്രമ നം.58), ശ്രീമതി. ജ്യോതി. പി. (ക്രമ നം.59), ശ്രീമതി. ലത. കെ (ക്രമ നം.60). ശ്രീമതി.സുശീലയമ്മ.എസ് (ക്രമ നം.61) എന്നിവർക്ക് ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് താൽക്കാലിക ഉദ്യോഗക്കയറ്റം നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്നും വനിത ശിശു വികസന ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

**2)** സർക്കാർ ഈ വിഷയം പരിശോധിച്ചു. ശ്രീമതി. ജമീല. ടി, 30.04.2020 നും ശ്രീമതി.സുശീലയമ്മ.എസ് 31.05.2020 നും സർവ്വീസിൽ നിന്നും വിരമിക്കുന്ന സാഹചര്യവും ശിശു വികസന പദ്ധതി ആഫീസർ തസ്തികയിലേയ്ക്ക് 5 ഒഴിവുകൾ നിലവിലുള്ള സാഹചര്യവും സെലക്ട്

ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടിക്രമം പൂർത്തിയാകാത്ത സാഹചര്യവും കണക്കിലെടുത്ത് ചുവടെ ചേർത്തിട്ടുള്ള ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്ക് KS&SSR ഭാഗം-II, ചട്ടം 31 (a) (i) ന് ഇളവ് നൽകിക്കൊണ്ട് ശിശു വികസന പദ്ധതി ആഫീസർ തസ്തികയിലേയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര് | സീനിയോറിറ്റി നം. | പെൻ നം. | പ്രൊബേഷൻ പൂർത്തീകരിച്ച തീയതി |
|---|---|---|---|---|
| 1 | ശ്രീമതി. ലളിത. കെ.കെ | 399 | 453704 | 04.06.2003 |
| 2 | ശ്രീമതി. ജമീല. ടി | 401 | 212672 | 15.06.2003 |
| 3 | ശ്രീമതി. ജ്യോതി. പി | 405 | 213907 | 01.06.2003 |
| 4 | ശ്രീമതി. ലത. കെ | 409 | 212034 | 29.08.2003 |
| 5 | ശ്രീമതി. സുശീലയമ്മ. എസ് | 410 | 213738 | 10.10.2003 |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം.
**ലീലാമണി. കെ.എം,**
**അഡീഷണൽ സെക്രട്ടറി.**

ഡയറക്ടർ. വനിത ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (വനിത ശിശു വികസന വകുപ്പ് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/എ & ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.